## സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനം സർക്കാർ ഏറ്റെടുക്കാൻ നടപടി

163 (5226) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് പിരിച്ചുവിട്ടത് സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ?

കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് പിരിച്ചുവിടുന്നതിന് കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്. കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് പിരിച്ചു വിടാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാനായി സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖേന നടത്തിവന്നിരുന്ന വകുപ്പിന്റെ പദ്ധതികളായ 83 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ, 11 ഷെൽട്ടർ ഹോമുകൾ, 7 സ്വാധാർ ഹോമുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ വനിതാ ശിശുക്ഷേമ വകുപ്പ് നേരിട്ട് നടപ്പാക്കിവരുന്നുണ്ട്.

(ബി) സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനം സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ തുടർന്നുള്ള പ്രവർത്തനം സംബന്ധിച്ച് തീരുമാനമൊന്നും ആയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് വരികയാണ്.

## അനാഥാലയങ്ങൾക്കുള്ള സർക്കാർ ഗ്രാന്റ്

164 (5227) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങൾക്കുള്ള സർക്കാർ ഗ്രാന്റ് വിതരണത്തിൽ നിലവിൽ കുടിശ്ശികയുണ്ടോ; എങ്കിൽ ആയത് എപ്പോൾ കൊടുത്തുതീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ അനാഥശാലാ ഗ്രാന്റിനത്തിൽ വിതരണം ചെയ്ത തുക എത്ര വീതമാണെന്ന് വിശദമാക്കാമോ?

വിശദാംശം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly